കേരള സംസ്ഥാന ലോട്ടറിയിലെ നറുക്കെടുപ്പിൽ കൃത്രിമം നടക്കുന്നതായി പരാതി

*542 [589] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. കൃഷ്ണൻ കുട്ടി:
,, ഇ. അഹമ്മദ്:
,, പി. ടി. കുഞ്ഞുട്ടി ഹാജി:
,, ജോസഫ് കുറിയാനി:
,, എം. പി. ഗംഗാധരൻ:
,, ഇ. രമേശൻ നായർ:
,, രാഘവൻ പുഴക്കടവിൽ:
,, കെ. കെ. ശ്രീനിവാസൻ:
,, എം. വി. മാണി:
,, എൻ, വി. രാജൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറിയിലെ നറുക്കെടുപ്പിൽ കൃത്രിമം നടക്കുന്നതായി ആരിൽനിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം;

(സി) പരാതികളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികളെടുത്തു?

ധനകാര്യവും നിയമവകുപ്പും മന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) സംസ്ഥാന ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിൽ കൃത്രിമം നടക്കുന്നതായി ഗവൺമെൻറിന് ഇതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

കോംപ്രക്സ് വളങ്ങൾക്ക് വിൽപ്പനനികുതി ഇളവ് ലഭിക്കുന്നില്ലായെന്നു പരാതി

* 543 [590] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർക്ക് ആവശ്യമുള്ള വളങ്ങൾക്ക് വിൽപ്പന നികുതി ഇളവ് പ്രഖ്യാപിച്ചത് കോംപ്രക്സ് വളങ്ങൾക്ക് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) വിൽപ്പന നികുതി ഇളവ് നെൽകൃഷിക്ക് ഉപയോഗിക്കുന്ന വളങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്താതെ എല്ലാ വളങ്ങൾക്കും ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly